**പതിമൂന്നാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 830** | **02/12/2015-ൽ മറുപടിക്ക്**

## മരുന്നുകളുടെ ഗുണനിലവാര പരിശോധന

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.എം.മാണി** | **ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)** |
| എ) മരുന്നുകളുടെ ഗുണമേന്മ പരിശോധന നടത്തുന്നതിന് അധികാരപ്പെട്ട സ്ഥാപനങ്ങൾ ഏതെല്ലാം; | എ) സർക്കാർതലത്തിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിന് കീഴിൽ മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്കായി, തിരുവനന്തപുരം ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയേയും എറണാകുളം റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയേയുമാണ് അധികാരപ്പെടുത്തിയിട്ടുള്ളത്.<br><br>കൂടാതെ സ്വന്തമായി ടെസ്റ്റിംഗ് സൗകര്യം ഇ ല്ലാത്ത നിർമ്മാതാക്കൾക്ക് വിതരണത്തിന് മുമ്പ് അവർ നിർമ്മിക്കുന്ന ഒരോ ബാച്ച് മരുന്നിന്റെയും ഗുണനിലവാരം ഉറപ്പാക്കുന്നതിലേക്കായി നിയമ പ്രകാരം വകുപ്പ് ലൈസൻസ് അനുവദിച്ചിട്ടുള്ള 3 സ്വകാര്യ ലാബുകളും പ്രവർത്തിക്കുന്നുണ്ട് |
| ബി) ഇത്തരം സ്ഥാപനങ്ങളിൽ മരുന്നുകളുടെ ഗുണമേന്മ പരിശോധന കാര്യക്ഷമമായി നടക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണങ്ങൾ എന്തെല്ലാമാണ്; | ബി) സർക്കാർ തലത്തിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിന് കീഴിൽ, മരുന്നുകളുടെ ഗുണ നിലവാര പരിശോധനയ്ക്കായി പ്രവർത്തിക്കുന്നത് ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി, തിരുവനന്തപുരവും, റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി, എറണാകുളവും ആണ്. വർഷങ്ങളായി തിരുവനന്തപുരത്ത് പ്രവർത്തിച്ചു വരുന്ന ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ പ്രതിവർഷം 4000 സാമ്പിളുകൾ പരിശോധിക്കുന്നുണ്ട് എന്നാൽ 2013-ൽ പ്രവർത്തനം ആരംഭിച്ച എറണാകുളം റീജിയണൽ ഡ്ര ഗ്സ് ടെസ്റ്റിംഗ് ലാബിന്റെ ക്രമീകരണം (Standardization), തസ്തിക വിന്യാസം (Staff allotment) എന്നിവ പൂർത്തിയാകുന്ന മുറയ്ക്ക് ടി ലബോറട്ടറിയിലും പ്രതി വർഷം 4000 മരുന്ന് സാമ്പിളുകൾ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കാൻ കഴിയും. |
| സി) തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട്, കോട്ടയം എന്നീ മെഡിക്കൽ കോളേജുകൾക്ക് കീഴിലുള്ള | സി) & ഡി). ജനൗഷധി പദ്ധതിയുടെ കീഴിൽ സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ജനറിക് മരുന്നുകൾ വിതരണം ചെയ്യുന്നതിന് നടപടിയെടുത്തിരുന്നു • ഇപ്രകാരം വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണമേന്മ ഉറപ്പാക്കാൻ അതാതു ആശുപത്രികളിൽ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായാണ് തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട്, കോട്ടയം എന്നീ മെഡിക്കൽ കോളേജുകൾക്ക് കീഴിലുള്ള ഫാർമസ്യൂട്ടിക്കൽ കോളേജുകളിൽ ലബോറട്ടറികൾ സജ്ജീകരിച്ചത്. അതാത് മെഡിക്കൽ കോളേജുകളിൽ വിതരണം ചെയ്യുന്ന ജനറിക് മരുന്നുകളുടെ ഗുണമേന്മ പരിശോധിച്ച് റിപ്പോർട്ട് ചെയ്യുക എന്ന പരിമിതമായ ലക്ഷ്യം മാത്രമാണ് ഈ ലാബുകളിലുള്ളത്. ഡ്രഗ്സ് & |

| | |
|---|---|
| ഫാർമസ്യൂട്ടിക്കൽ കോളേജുകളിൽ മരുന്നുകളുടെ ഗുണമേന്മ പരിശോധന നടത്തുന്നുണ്ടോ; | കോസ്മെറ്റിക്സ് ആക്ട് പ്രകാരം സർക്കാർ അനലിസ്റ്റിന് മാത്രമേ മരുന്നു പരിശോധന സംബന്ധിച്ച് സർട്ടിഫിക്കറ്റുകൾ നൽകാൻ അധികാരമുള്ളൂ |
| ഡി) ഉണ്ടെങ്കിൽ പ്രസ്തുത കോളേജുകളിലെ ഏത് ഉദ്യോഗസ്ഥർക്കാണ് മരുന്നു പരിശോധന സംബന്ധിച്ച് സർട്ടിഫിക്കറ്റുകൾ നൽകാൻ അധികാരം നൽകിയിട്ടുള്ളത്? | |

**സെക്ഷൻ ഓഫീസർ**